**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 551** **11-07-2024 - ൽ മറുപടിയ്ക്ക്**

**റോഡ് പുറമ്പോക്കുകളുടെ കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി റോഡ് പുറമ്പോക്കുകൾ കയ്യേറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ തടയാൻ വിവിധ പ്രവർത്തനങ്ങൾ വകുപ്പിലെ വിവിധ വിംഗുകൾ നടത്തി വരുന്നു. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിൽ നിയമപരമായി അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>1999 –ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ബഹു.കേരളാ ഹൈക്കോടതി വിധിയുടെയും, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞു പോകാത്ത കയ്യേറ്റക്കാരെ പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാതല റോഡ് സുരക്ഷാ സമിതി, റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗുകൾ, സംസ്ഥാനതല അവലോകനയോഗം എന്നിവയിൽ ഇവയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു. |
| (ബി) | സുഗമമായ ഗതാഗതത്തിനും റോഡ് വികസനത്തിനും ഇത്തരം കയ്യേറ്റങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ടോ; കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് | (ബി) | റോഡ് പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ തടയാൻ വിവിധ പ്രവർത്തനങ്ങൾ വകുപ്പിലെ വിവിധ വിംഗുകൾ നടത്തി വരുന്നു. കയ്യേറ്റങ്ങൾ |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിൽ നിയമപരമായി അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>1999 –ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ബഹു.കേരളാ ഹൈക്കോടതി വിധിയുടെയും, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞു പോകാത്ത കയ്യേറ്റക്കാരെ പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാതല റോഡ് സുരക്ഷാ സമിതി, റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗുകൾ, സംസ്ഥാനതല അവലോകനയോഗം എന്നിവയിൽ ഇവയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ